**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും പ്രവർത്തിക്കുന്നവരുടെ വരുമാനം ഉയർത്തുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവ സർക്കാരിന്റെ മുഖ്യ ലക്ഷ്യങ്ങളാണ്. കാർഷിക വിളകളുടെ ഉത്പാദനക്ഷമത വിലയിരുത്തി വിത്ത്, വളം, വെള്ളം, മണ്ണ് എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലും കാർഷികവൃത്തി മെച്ചപ്പെടുത്തുന്നതിനുമുള്ള ശാസ്ത്രീയ ഇടപെടലുകളിലൂടെ കാർഷികോത്പാദനം, കാർഷികക്ഷമത എന്നിവ വർധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർധിപ്പിക്കുന്നതിനും സാങ്കേതികവിദ്യാ വ്യാപനത്തിനും വില ഉറപ്പാക്കുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമായി കൃഷിവകുപ്പിന് കീഴിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം
2. നെല്ല് വികസനം
3. പച്ചക്കറി വികസനം
4. നാളികേര വികസനം
5. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം
6. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം
7. വിള വൈവിധ്യകരണം വിള തീവ്രത അവതരണം.
8. മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരി പാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും.
9. വിള ആരോഗ്യ പരിപാലനം
10. ജൈവകൃഷിയും നല്ല കാർഷിക രീതികളും.
11. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും.
12. വകുപ്പുതല ലബോറട്ടറികളുടെ നവീകരണം.
13. ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും.
14. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ.
15. കാർഷിക വിവരവും വിനിമയവും.
16. മാനവശേഷി വികസനം.
17. കാർഷിക യന്ത്രവൽക്കരണ ത്തിനുള്ള പിന്തുണ.
18. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി.
19. പ്രകൃതിദുരന്തങ്ങളും കീടങ്ങളും രോഗങ്ങളും നേരിടുന്നതിനുള്ള ആകസ്മിക പരിപാടി.
20. കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം.
21. കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം (RIDF).
22. കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ.
23. വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനയും.
24. വി.എഫ്.പി.സി.കെ മുഖേന പച്ച തേങ്ങ സംഭരണം.
25. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായം.
26. RIDF-ന് കീഴിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട്.
27. കർഷക ക്ഷേമനിധി ബോർഡ്.
28. സമുദ്ര നിരപ്പിന് താഴെയുള്ള കൃഷിക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലന കേന്ദ്രം.
29. കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര) (ഇ.എ.പി)

(ബി) ഇതിനായി എത്ര തുകയാണ് കഴിഞ്ഞ അഞ്ച് വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പിനു പദ്ധതി ഇനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | സാമ്പത്തിക വർഷം | വകയിരുത്തിയ തുക | പുതുക്കിയ ബജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2019-20 | 103192.00 | 106765.258 | 106765.258 | 45294.825 |
| 2 | 2020-21 | 75764.00 | 112243.26 | 112243.26 | 101240.47 |
| 3 | 2021-22 | 77592.00 | 101574.608 | 94196.16504 | 91485.83 |

| | | | | | |
|---|---|---|---|---|---|
| 4 | 2022-23 | 80696.00 | 94135.68713 | 78039.40062 | 72336.34989 |
| 5 | 2023-24 | 80696.00 | 94135.68 | 54733.267 | 50938.18695 |

2019-20 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരി മൂലം ബില്ലുകൾ മാറാൻ സാധിക്കാതെ വന്നതിനാൽ ആയവ ക്യൂബില്ലായി അടുത്ത വർഷം മാറേണ്ട സാഹചര്യമുണ്ടായി.

(സി) ഇതിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

(സി) കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പിന്റെ പദ്ധതി ഇനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(രൂപ ലക്ഷത്തിൽ)

| **ക്രമ നം.** | **സാമ്പത്തിക വർഷം** | **വകയിരുത്തിയ തുക** | **പുതുക്കിയ ബജറ്റ് വിഹിതം** | **അനുവദിച്ച തുക** | **ചെലവഴിച്ച തുക** |
|---|---|---|---|---|---|
| 1 | 2019-20 | 103192.00 | 106765.258 | 106765.258 | 45294.825 |
| 2 | 2020-21 | 75764.00 | 112243.26 | 112243.26 | 101240.47 |
| 3 | 2021-22 | 77592.00 | 101574.608 | 94196.16504 | 91485.83 |
| 4 | 2022-23 | 80696.00 | 94135.68713 | 78039.40062 | 72336.34989 |
| 5 | 2023-24 | 80696.00 | 94135.68 | 54733.267 | 50938.18695 |

2019-20 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരി മൂലം ബില്ലുകൾ മാറാൻ സാധിക്കാതെ വന്നതിനാൽ ആയവ ക്യൂബില്ലായി അടുത്ത വർഷം മാറേണ്ട സാഹചര്യമുണ്ടായി.

സെക്ഷൻ ഓഫീസർ